കാസർഗോഡ് സ്ഥിതിചെയ്യുന്ന സംയുക്ത സംരംഭമായ BHEL-EML-ന് കൂടുതൽ നിക്ഷേപവും കമ്പനിയുടെ വികസനത്തിന് പുതിയ സാങ്കേതികവിദ്യയും കൂടുതൽ ഓർഡറുകളും ലഭ്യമാക്കുന്നതിന് നടപടി സ്വീകരിക്കണമെന്ന ആവശ്യം ബഹു. കേന്ദ്ര ഖന വ്യവസായ വകുപ്പുമന്ത്രിയുടെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ട്. ഈ ആവശ്യത്തിന്മേൽ ഭെല്ലിന്റെ ആഭ്യന്തര ആവശ്യങ്ങൾക്കുള്ള ഉപകരണങ്ങളും സാമഗ്രികളും BHEL EML-ൽ നിന്നും ലഭ്യമാക്കുക, പുതിയ ഉൽപ്പന്നങ്ങൾ വികസിപ്പിക്കുന്നതിന് സഹായം നൽകുക, ഉൽപ്പന്നങ്ങളുടെ വ്യത്യസ്തമായ ഉപയോഗം അവയുടെ വിപണന സാധ്യത, പുതിയ ഉൽപ്പന്നങ്ങൾ എന്നീ വിഷയങ്ങളിൽ നിലവിൽ ഭെൽ സഹായം നൽകി വരുന്നുണ്ടെന്നും BHEL-EML ലാഭമുണ്ടാക്കുന്നമുറയ്ക്ക് കമ്പനിയിൽ കൂടുതൽ നിക്ഷേപം ലഭ്യമാക്കുന്നതാണ് എന്ന് BHEL മാനേജ്മെന്റ് ഉറപ്പുനൽകിയിട്ടുണ്ടെന്നും കേന്ദ്ര ഖന വ്യവസായ മന്ത്രി അറിയിച്ചിട്ടുണ്ട്.

## ഗെയിൽ പൈപ്പിടൽ പദ്ധതി

**91 (5896)** ശ്രീ. കെ. കഞ്ഞിരാമൻ (തൃക്കരിപ്പൂർ) :
ശ്രീ. ജെയിംസ് മാത്യു :
ശ്രീ. പി. റ്റി. എ. റഹിം :
ശ്രീ. ബി. ഡി. ദേവസ്സി : താഴെ കാണുന്ന ചോദ്യത്തിന് വ്യവസായവും വിവരസാങ്കേതികവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

സംസ്ഥാനത്തെ ഗെയിൽ പൈപ്പിടൽ പദ്ധതി സമയബന്ധിതമായി പൂർത്തീകരിക്കാത്തത് ഏതെല്ലാംതലത്തിൽ പ്രതിസന്ധി സൃഷ്ടിക്കുന്നുവെന്ന് വിലയിരുത്തിയിട്ടുണ്ടോ ; വിശദമാക്കാമോ ?

ഉത്തരം

ഗെയിലിന്റെ ഗ്യാസ് പൈപ്പ്ലൈൻ പദ്ധതി സമയബന്ധിതമായി പൂർത്തിയാക്കുവാൻ കഴിയാത്തതുമൂലം കൊച്ചിയിലെ LNG ടെർമിനലിന് അതിന്റെ പ്രവർത്തനശേഷി പൂർണ്ണതോതിൽ കൈവരിക്കുവാൻ കഴിഞ്ഞിട്ടില്ല. ഇതുമൂലം ടി കമ്പനിക്ക് പ്രതിവർഷം 398 കോടി രൂപയുടെ സാമ്പത്തിക നഷ്ടം ഉണ്ടാകുന്നുണ്ട്.

ഗ്യാസ് പൈപ്പ്ലൈൻ പദ്ധതി നടപ്പിലാക്കുന്നതിനുള്ള കാലതാമസം സംസ്ഥാനത്തിന്റെ വ്യവസായ വികസനത്തെ പ്രതികൂലമായി ബാധിക്കുവാനിടയുണ്ട്. പദ്ധതി പൂർത്തിയാക്കി ദേശീയ വാതക പൈപ്പ്ലൈൻ ശൃംഖലയുമായി യോജിപ്പിക്കാത്തപക്ഷം ഇന്ത്യയിൽ തദ്ദേശീയമായി ഉൽപ്പാദിപ്പിക്കുന്ന താരതമ്യേന

LIBRARY ARCHIVES Kerala Legislative Assembly

വില കുറഞ്ഞ പ്രകൃതിവാതക വിഹിതം സംസ്ഥാനത്തിന് ലഭിക്കാതെ പോകുവാനുള്ള സാഹചര്യമുണ്ട്. സംസ്ഥാനത്തിന് ഈ പദ്ധതിമൂലം മൂല്യവർദ്ധിത നികുതിയിനത്തിൽ (VAT) ലഭിക്കാവുന്ന 1,000 കോടിയോളം രൂപ നഷ്ടപ്പെടുവാനിടയാകുന്നു. ഇതിനുപുറമേ പൊതുജനങ്ങൾക്കും ട്രാൻസ്പോർട്ട് കോർപ്പറേഷനും പരിസ്ഥിതി സൗഹൃദ ഇന്ധനമായ സി.എൻ.ജി. ഉപയോഗിച്ചാൽ ഉണ്ടാകുമായിരുന്ന നേട്ടങ്ങളും ഇല്ലാതാകും. പദ്ധതി യാഥാർത്ഥ്യമായാൽ സിറ്റി ഗ്യാസ് പദ്ധതിക്കായി പ്രകൃതി വാതകം ഉപയോഗിക്കുന്നതുമൂലം LPG Cylinder-കളുടെ ദൗർലഭ്യവും വിലവർദ്ധനവും നിമിത്തം പൊതുജനങ്ങൾ അനുഭവിക്കുന്ന ബുദ്ധിമുട്ടിന് ഏറെക്കുറെ പരിഹാരമുണ്ടാകുന്നു.

**കശുവണ്ടി വികസന കോർപ്പറേഷൻ ഫാക്ടറികളിലെ തൊഴിലാളികൾ**

**92 (T 5897)** ശ്രീ. എം. എ. ബേബി :

ശ്രീ. പി. കെ. ഗുരുദാസൻ :

ശ്രീ. സി. കെ. സദാശിവൻ :

ശ്രീ. എളമരം കരീം : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും വിവരസാങ്കേതികവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കശുവണ്ടി വികസന കോർപ്പറേഷൻ ഫാക്ടറികളിലെ തൊഴിലാളികൾ വിവിധ ആവശ്യങ്ങൾ ഉന്നയിച്ചുകൊണ്ട് സമരത്തിലേർപ്പെട്ടിരിക്കുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) അവർ ഉന്നയിച്ച ആവശ്യങ്ങൾ എന്തെന്നും അവയോടുള്ള നിലപാടും അറിയിക്കാമോ ?

ഉത്തരം

(എ) ഉണ്ട്.

(ബി) കശുവണ്ടി വികസന കോർപ്പറേഷന്റെ ഫാക്ടറികൾ തുറക്കണമെന്നും കശുവണ്ടി തൊഴിലാളികൾക്ക് തൊഴിൽ ഉറപ്പുവരുത്തുക, തൊഴിലാളികൾക്ക് നൽകാനുള്ള നിയമാനുസൃത ആനുകൂല്യങ്ങൾ നൽകുക എന്നീ ആവശ്യങ്ങൾ ഉന്നയിച്ചാണ് തൊഴിലാളികൾ സമരം ചെയ്തത്. കശുവണ്ടി വികസന കോർപ്പറേഷനിലെ പ്രശ്നങ്ങളെക്കുറിച്ച് പഠിക്കുവാൻ സർക്കാർ നിയോഗിച്ച എക്സ്പെർട്ട് കമ്മിറ്റി സമർപ്പിച്ച റിപ്പോർട്ടിലെ ശിപാർശകളിൽ തൊഴിലാളികൾക്ക് നൽകുവാനുള്ള നിയമാനുസൃതമായ ബാധ്യതകൾ തീർക്കുന്നതിന് സർക്കാർ സാമ്പത്തിക സഹായം നൽകണമെന്ന് ശിപാർശ ചെയ്തിട്ടുണ്ട്. എക്സ്പെർട്ട് കമ്മിറ്റിയുടെ റിപ്പോർട്ടിലെ ശിപാർശകൾ

'T' മാറ്റിവച്ച ചോദ്യത്തെ സൂചിപ്പിക്കുന്നു.

LIBRARY ARCHIVES Kerala Legislative Assembly